ഇ.എക്സ്-എ4/76081/2015/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി 20/11/2015

# സർക്കുലർ

വിഷയം: പരീക്ഷാ ഭവൻ-പത്താംതരം തുല്യതാ പരീക്ഷാ- സെപ്റ്റംബർ 2015- ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തെ - സംബന്ധിച്ച്

സൂചന:- 07-07-2015-തീയതിയിലെ ഇ.എക്സ്/സി.ജനറൽ (4)/42000/2015/ സി.ജി.ഇ നമ്പർ പ്രകാരമുള്ള വിജ്ഞാപനം.

**********

2015 സെപ്റ്റംബറിൽ നടത്തിയ പത്താംതരം തുല്യതാ പരീക്ഷയുടെ ഫലം നവംബർ 19-ാം തീയതി പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസ് പുനർമൂല്യ നിർണ്ണയത്തിന് ആഗ്രഹിക്കുന്നവർ അപേക്ഷയും, പേപ്പറൊന്നിന് 200/- രൂപയും 30/11/2015 ന് മുൻപായി അതാത് പരീക്ഷാ കേന്ദ്രങ്ങളിലെ ഹെഡ്മാസ്റ്റർക്ക് സമർപ്പിക്കേണ്ടതാണ്. പരീക്ഷാ കേന്ദ്രങ്ങളിലെ ഹെഡ്മാസ്റ്റർമാർ തങ്ങളുടെ സ്കൂളിൽ ലഭിച്ച അപേക്ഷകളുടെ വിശദവിവരം (ഇതോടൊപ്പമുള്ള എക്സൽ ഫോർമാറ്റിൽ രജിസ്റ്റർ നമ്പർ, അപേക്ഷാർത്ഥിയുടെ പേര്, പുന:മുല്യനിർണ്ണയം നടത്തേണ്ട വിഷയം, ലഭിച്ച തുക) എന്നിവ രേഖപ്പെടുത്തി cgeasection@gmail.com എന്ന വിലാസത്തിൽ 01/12/2015-ന് ഈ മെയിൽ ചെയ്യണം.

പരീക്ഷാ കേന്ദ്രങ്ങളിൽ ഫീസിനത്തിൽ ലഭിച്ച തുക സെക്രട്ടറി, പരീക്ഷാ ഭവൻ എന്ന പേരിൽ തിരുവനന്തപുരത്ത് മാറാൻ കഴിയുന്ന വിധത്തിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ്, പുനർമൂല്യ നിർണ്ണയത്തിനായി പരീക്ഷാ കേന്ദ്രത്തിൽ അപേക്ഷിച്ചവരുടെ മുഴുവൻ അപേക്ഷകൾ, വിശദവിവരങ്ങൾ എക്സൽ ഫോർമാറ്റിൽ പരീക്ഷാ ഭവനിലേക്ക് ഈ-മെയിൽ അയച്ചതിന്റെ പ്രിന്റ് ഔട്ട് എന്നിവ ഒരു ബണ്ടിലാക്കി 05/12/2015-ന് മുൻപായി ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർ പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

സെക്രട്ടറി

എം-17-11-15